എൻക്വയറി കമ്മീഷൻ ആയിട്ടില്ല പ്രസ്തുത ഉദ്യോഗസ്ഥനെ നിയമിച്ചത്. അന്വേഷണോദ്യോഗസ്ഥൻ റിപ്പോർട്ട് 21.2.2000-ന് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് പ്രകാരമുള്ള എൻക്വയറി കമ്മീഷൻ റിപ്പോർട്ട് അല്ലാത്തതിനാൽ നിയമസഭയുടെ മുൻപാകെ വച്ചിട്ടില്ല.

(ഇ) ശ്രീ. വി.എസ്. സെന്തിലിന്റെ അന്വേഷണ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംഭവത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്തുന്നതിനായി കൂടുതൽ അന്വേഷണം നടത്തുന്നതിന് ക്രൈംബ്രാഞ്ചിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വം മുൻഭരണ സമിതിക്കെതിരെ വിജിലൻസ് അന്വേഷണം

57 (713)ശ്രീ. വി. ബാലറാം താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം മുൻഭരണ സമിതി അംഗങ്ങൾക്കെതിരെ വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായോ;

(ബി) അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്;

(ഡി) വിജിലൻസ് അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായി.

(ബി) ഒരു അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(സി)&(ഡി) വിജിലൻസ് അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

ട്രാഫിക് വാർഡൻമാരുടെ സേവനം

58 (714)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ നഗരങ്ങളിലാണ് ട്രാഫിക് വാർഡന്മാർ സേവനമനുഷ്ഠിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ട്രാഫിക് വാർഡന്മാരുടെ സേവനംമൂലം അനേകം ട്രാഫിക് അപകടങ്ങൾ ഒഴിവാക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ട്രാഫിക് വാർഡന്മാർക്ക് ഏതൊക്കെ ഇനത്തിൽ എന്തുതുക പ്രതിമാസം ലഭിക്കുന്നുണ്ട്. ഇവർക്ക് വേതനത്തോടുകൂടിയ എത്ര അവധിയുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ട്രാഫിക് വാർഡന്മാർക്ക് മെറ്റേണിറ്റി ബനിഫിറ്റിന് അർഹതയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly